

# പരിസ്ഥിതി, വികസനം, തൊഴിലാളി പ്രസ്ഥാനം

**പരിസ്ഥിതി**, വികസനം, തൊഴിലാളി പ്രസ്ഥാനം എന്നിവ വളരെയധികം വൈരുദ്ധ്യങ്ങൾ നിറഞ്ഞവയാണെന്ന് ഏറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു കാലത്തിലൂടെയാണ് നാമിന്ന് കടന്നുപോകുന്നത്. വ്യവസായവത്കരണം പരിസ്ഥിതിയെ നശിപ്പിക്കുന്നുവെന്ന് ഒരുകൂട്ടം പരിസ്ഥിതി പ്രവർത്തകർ വാദിക്കുമ്പോൾ പരിസ്ഥിതി സംരക്ഷണം വ്യവസായങ്ങളെയും വികസനത്തെയും തുരങ്കം വെക്കുന്നുവെന്ന് തൊഴിലാളി പ്രസ്ഥാനങ്ങളും വ്യവസായ ലോബികളും വാദിക്കുന്നു. വ്യവസായ വികസനത്തിനും തൊഴിൽ സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണം എത്രമാത്രം അനിവാര്യമാണെന്ന് സ്വന്തം പ്രവർത്തനങ്ങളിലൂടെ ബോധ്യപ്പെടുത്തിയ തൊഴിലാളി നേതാവ് നമുക്കുണ്ടായിരുന്നു, ശങ്കർ ഗുഹാ നിയോഗി. അദ്ദേഹം നേതൃത്വം നൽകിയ ഛത്തീസ്ഗഢ് മൈൻസ് ശ്രമിക് സംഘ് എന്ന തൊഴിലാളി സംഘടനയുടെ പ്രവർത്തനങ്ങൾ ഒരു തൊഴിലാളി പ്രസ്ഥാനം പരിസ്ഥിതി സംരക്ഷണത്തിൽ എത്രമാത്രം ജാഗ്രതയോടെ നിലകൊള്ളേണ്ടതുണ്ടെന്ന് നമുക്ക് പറഞ്ഞുതരുന്നു. പരിസ്ഥിതി എന്ന വാക്കുപോലും സമൂഹത്തിൽ പ്രചലിതമായിക്കഴിഞ്ഞിട്ടില്ലാത്ത ഒരു കാലത്താണ് നിയോഗി പരിസ്ഥിതിയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് ഈ തൊഴിലാളി പ്രസ്ഥാനത്തിലൂടെ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നത്. അനീതിയിലധിഷ്ഠിതമായ ഒരു സാമൂഹ്യ വ്യവസ്ഥിതിയിൽ പരിസ്ഥിതി സംരക്ഷണം പോലും അടിസ്ഥാനവർഗ്ഗത്തിന്റെ അവകാശങ്ങൾ കൈയടക്കാനുള്ള മാർഗ്ഗങ്ങളായി അവതരിപ്പിക്കപ്പെടുമ്പോൾ, പ്രകൃതിവിഭവങ്ങളുടെ മേൽ ജനങ്ങൾക്കുള്ള അവകാശങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷണത്തിൽ ജനങ്ങളുടെ ഉത്തരവാദിത്വം എന്താകണമെന്ന് വാക്കും പ്രവർത്തിയും കൊണ്ട് വിശദമാക്കി എന്നതാണ് ശങ്കർ ഗുഹാ നിയോഗിയുടെ പ്രസക്തി. ‘നമ്മുടെ പരിസ്ഥിതി: ഛത്തീസ്ഗഢ് മൈൻസ് ശ്രമിക് സംഘിന്റെ വീക്ഷണം’ എന്ന ലേഖനത്തിൽ അദ്ദേഹം അവതരിപ്പിച്ച കാഴ്ചപ്പാടുകൾ രണ്ട് പതിറ്റാണ്ടുകൾക്കു ശേഷവും വ്യവസ്ഥാപിത ട്രേഡ് യൂനിയനുകളുടെ അജണ്ടയിൽ കടന്നുകൂടിയിട്ടില്ല എന്നതാണ് ദാരുണമായ വസ്തുത. 1991 സെപ്തമ്പർ 28ന് പ്രതിയോഗികളാൽ കൊല്ലപ്പെട്ട നിയോഗിയുടെ ജീവിതം ഓർമ്മിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ആ ലേഖനവും കേരളത്തിൽ നിലനിന്നിരുന്നതും പരീക്ഷണങ്ങൾ തുടരുന്നതുമായ സമാന്തര തൊഴിലാളി പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള വർത്തമാനങ്ങളും പുതിയ കാലത്തെ പ്രശ്നങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ട് തുടർ സംവാദങ്ങൾക്കായി അവതരിപ്പിക്കുകയാണ് ഈ ലക്കം കേരളീയം.